LIBRARY ARCHIVES Kerala Legislative Assembly

ഹെഡ്മാസ്റ്റേഴ്സ് അലവൻസ്.

*600. [68] ശ്രീ. കെ. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി വിഭാഗത്തിലെ മിഡിൽസ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് കൊടുത്തിരുന്ന ഹെഡ്മാസ്റ്റേഴ്സ് അലവൻസ് അടുത്തകാലത്തു നിറുത്തൽ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു കാരണമെന്തു?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഇല്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

എഫ്. എ. സി. ഠി. ഫാക്ടറി

*601. [69] ശ്രീ. കെ. സി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഫ്. എ. സി. ഠി. യിൽ നമ്മുടെ ഗവണ്മെൻറിന് എത്ര ഓഹരിയുണ്ട്;

(ബി) ഈ ഫാക്ടറിയുടെ പ്രവർത്തനഫലമായി 52-ലും 53-54-ലും നമ്മുടെ ഗവണ്മെൻറിനു വല്ല ലാഭവും കിട്ടിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) ആകെ എത്ര തുക ഗവണ്മെൻറിൽനിന്നും ഈ കമ്പനിയിൽ മുടക്കിയിട്ടുണ്ട്; ഏതെല്ലാം ഇനങ്ങളിൽ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 2,17,50,000 രൂപ വിലയുള്ള 21,75,000 ഓഹരികൾ ഉണ്ട്.

(ബി) ഇല്ല.

(സി) 1952-ലും, 53-ലും നഷ്ടമാണ്. 1954-ൽ അൽപ്പലാഭമുണ്ടു് ഡിവിഡൻറ് നൽകാൻ മതിയാവുകയില്ല.

(ഡി) ഇതുവരെ ഗവണ്മെൻറിനു് ആകെ 2,17,50,000 രൂപ മുടക്കുണ്ടു്. ഇതു മുഴുവനും ഓഹരി ഇനത്തിലാണ്.

മേജറും മൈനറും ഡിപ്പാർട്ടുമെൻറുകളുടെ വിവേചനം.

*602. [71] ശ്രീ. പി. നാരായണൻ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേജർ ഡിപ്പാർട്ടുമെൻറ് എന്നും മൈനർ ഡിപ്പാർട്ടുമെൻറ് എന്നും വിവേചനം നടത്തിയിട്ടുള്ളതിന്റെ അടിസ്ഥാനമെന്താണ്;

(ബി) ഈ സ്റ്റേറ്റ് ഗവണ്മെൻറിനു കീഴിലുള്ള മേജറും മൈനറും ഡിപ്പാർട്ടുമെൻറുകളും യഥാക്രമം എത്രയാകെയാണ്?